കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാവശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.-പി.കെ.ഡി10/141/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 25.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാവശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാവശ്ശേരി ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഭാഗം 3ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി10/141/2017 തീയതി – 25.01.2017

പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.01.2016 മുതൽ 14.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15-12-2016 മുതൽ 23-12-2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | എൻ.എൻ.മുരളീധരൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഷർഫുദ്ദീൻ . എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സരിത.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ. അശോകൻ | 01-04-15 മുതൽ 31-10-15 വരെ |
| | പി.സി.ഭാമ | 19-11-15 മുതൽ 31-03-16 വരെ |
| സെക്രട്ടറി | വി.രവീന്ദ്രൻ | 01-04-15 മുതൽ 31-3-16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സി.രോഹിണി | 01-04-15 മുതൽ 31-03-16 വരെ |
| ഹെഡ്മിസ്ട്രസ് | ലത | 01-04-15 മുതൽ11-06-15വരെ |
| ഹെഡ്മാസ്ററർ | കെ.ബാലകൃഷ്ണൻ | 12-06-15 മുതൽ 31-03-16 വരെ |
| വി.ഇ.ഒ | കെ.വി.ശിവദാസൻ | 01-04-15 മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ | എ. വിശ്വനാഥൻ | 01-04-15 മുതൽ 31-03-16 വരെ |
| ഡയറി എക്സ്ററൻഷൻഓഫീസർ | ശ്യാം സുന്ദർ | 01-04-15 മുതൽ 12-01-16 വരെ |
| | സുഷമ | 13-01-16 മുതൽ 26-02-16 വരെ |
| | മീന റസ്സൽ | 27.2.16 മുതൽ 31-03-16 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.കനകരാജ് | 01-04-15 മുതൽ 31-03-16 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീപ്രിയ | 01-04-15 മുതൽ 31-03-16 വരെ |
| ഐ.സി. ഡി.എസ്സ്. സൂപ്പർവൈസർ | ജകബർനീസ്സ | 01-04-15 മുതൽ 31-03-16 വരെ |
| അസി.സെക്രട്ടറി | ഹരിമോഹൻ ഉണ്ണികൃഷ്ണൻ | 01-04-15 മുതൽ 31.3.16 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.03.2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 27.07.2016 | 3-10-2016 | 18.10.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19583740 |
| വരവ് | 51018453 |
| ആകെ | 70602193 |
| ചെലവ് | 59848320 |
| നീക്കിയിരിപ്പ് | 10753873 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് (**) | ട്രഷറിയിൽ നിന്നും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചു പിടിച്ച അലോട്ട്മെന്റ് തുക | R P 40(b) പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1879952 | 10439027 + 5160004 (*) | 17478983 | 12318979 | 5160004 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (S C P) | 3795343 (ട്രാൻസ്ഫർ ക്രെഡിറ്റ് തുക ഉൾപ്പെടെ) | 11321334 | 15116677 | 12266010 | 2850667 | 0 |
| വികസന ഫണ്ട് ( TS P) | വരവില്ല | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1298933 (***) | 6411020 | 7709953 | 5570846 | 2139107 | 0 |
| KLGSDP ഗ്രാന്റ് | 3444693 | 2187000 | 5631693 | 3433307 | 2198386 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 83887 | 7722000 | 7805887 | 7803526 | 2361 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 175401 | 2404000 | 2579401 | 2449637 | 129764 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 13426 | 10705214 | 10718640 | 10712661 | - | 5979 |

(*) ആകെ അലോട്ടമെന്റ് +ട്രാൻസ്ഫർ ക്രെഡിറ്റ് തുക 5160004

(T.C From C F C- 2113670+ KLGSDP -2187000 +VPFA-III 859334 )
(**) മുന്നിരിപ്പിൽ നിന്നുള്ള ചെലവ് + ട്രാൻസ്ഫർ ക്രെഡിറ്റ് (വികസനഫണ്ട് ജനറൽ മാത്രം) + R P 31 പ്രകാരമുള്ള യഥാർത്ഥ വരവ്

(***) O B – 1298933 + 28-oct-15 ലെ അലോട്ട്മെന്റ് തുക -2341344 എന്നിവയിൽ നിന്നും 28-oct-15 വരെയുള്ള ചെലവ് 1526607 . ബാക്കി തുക 2113670 ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 56291926 | 118 | 44013955 | 0 | 5 | 95.93 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 23 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 36,26,096 | 21,94,840 | (-)14,31,256 | (-)39% |
| നികുതിയേതര വരവുകൾ | 4,75,665 | 9,79,122 | 5,03,457 | 106% |
| ആകെ | 41,01,761 | 31,73,962 | (-)9,27,799 | (-)23 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 455880 | 270 |
| കർഷകതൊഴിലാളി പെൻഷൻ | 4957080 | 689 |
| വിധവാപെൻഷൻ | 105626640 | 1139 |
| വാർദ്ധക്യകാലപെൻഷൻ | 11748690 | 1643 |
| വികലാംഗപെൻഷൻ | 3366300 | 359 |
| അവിവാഹിതർക്കുള്ള പെൻഷൻ | 746720 | 79 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 480000 | 16 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.12.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8989രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

വെള്ളക്കരം സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ, തെരുവു വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവയിലുള്ള രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ 2015-16 സാമ്പത്തിക വർഷം ഒരു യോഗം പോലും ചേർന്നിട്ടില്ല. എന്നാൽ വിവിധയിനം വാങ്ങലുകൾ നടത്തിയിട്ടുമുണ്ട്. മറ്റു രേഖകൾ കൃത്യമാക്കിവെക്കുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമാണ്. ലഭിക്കുന്ന തപാലുകൾക്ക് സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്താൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.12.2016 മുതൽ 14.12.2016 വരെ | 11/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.10.2009 മുതൽ 23.10.2009 വരെ | 2004-05 മുതൽ 2008-09 വരെ | 23.11.2009 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, പഞ്ചായത്ത് ഡയറക്ടറുടെ 11.05.2007ലെ സർക്കുലർ നമ്പർ സി-15557/2007 എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം 2015-16 വർഷത്തെ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും താഴെ പറയുന്ന സ്വകാര്യ വ്യവസായ സംരംഭങ്ങളിൽ നിന്നും തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പവിത്ര കേര പ്രൊഡക്ട്സ്

അഫ്സൽ ഫുഡ്സ് പ്രൊഡക്ട്സ്

സത്യം ഫ്യൂവൽസ്

ഇന്ദിര മാച്ച് ഇൻഡസ്ട്രീസ്

അന്ന ഇന്ദിര മാച്ച് ഇൻഡസ്ട്രീസ്

വിജയ് മിനറൽസ്

സുബ്രമണ്യാ അക്വാ മിനറൽസ്

ഫൈവ് സ്റ്റാർ പ്ലാസ്റ്റിക്സ്

വിക്ടറി പോളിമേഴ്സ് ജിയോ ഫാക് ഓട്ടോ ഇലക്ട്രിക്കൽസ്

കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സിമന്റ് ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റുകൾ, ലൈവ് സ്റ്റോക്ക് ഫാമുകൾ, ഇവയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിരവധി വർഷങ്ങളായി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനമായ വിശ്വഭാരതി കോളേജിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ നാളിതു വരെ സ്വീകരിച്ചിട്ടില്ല എന്ന വിവരവും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 പൊന്നൻ പൂശാരി മെമ്മോറിയൽ വന്ധ്യതാ ചികിത്സാലയം-അംഗീകാര പത്രം ഇല്ലാതെ നടത്തുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൊന്നൻ പൂശാരി മെമ്മോറിയൽ വന്ധ്യതാ ചികിത്സാലയം എന്ന സ്ഥാപനം പഞ്ചായത്തിൽ നിന്നും ഡി.&.ഒ ലൈസൻസ് ലഭ്യമാക്കുന്നതിനായി നൽകിയ രേഖകൾ പരിശോധിച്ചതിൽ ഇത് ആയുർവ്വേദ ചികിത്സാസമ്പ്രദായപ്രകാരം നടത്തുന്ന ഒരു വന്ധ്യതാ ചികിത്സാകേന്ദ്രമാണ് എന്നു കാണുന്നു. ഈ ചികിൽസാ കേന്ദ്രം കേരള പഞ്ചായത്ത് രാജ് ആക്റ്റ് സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ വകുപ്പ് 270 പ്രകാരം രജിസ്റ്റർ ചെയ്യുകയോ 2007 ലെ കേരള ആയുർവ്വേദ ആരോഗ്യ കേന്ദ്രങ്ങൾ ( അംഗീകാര പത്രം നൽകലും നിയന്ത്രിക്കലും ) ആക്റ്റ് വകുപ്പ് 3 പ്രകാരം അംഗീകാര പത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.
2007 ലെ കേരള ആയുർവ്വേദ ആരോഗ്യ കേന്ദ്രങ്ങൾ ( അംഗീകാര പത്രം നൽകലും നിയന്ത്രിക്കലും ) ആക്റ്റ് വകുപ്പ് 3 പ്രകാരം ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരാതിർത്തിക്കുള്ളിൽ ആ തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകിയിട്ടുള്ള ലൈസൻസിനു പുറമെ ഈ ആക്ടിന്റെ 6ാം വകുപ്പ് പ്രകാരം നൽകപ്പെടുന്ന അംഗീകാര പത്രം കൂടി ഇല്ലാതെ യാതൊരാളും യാതൊരു ആയുർവ്വേദ ആരോഗ്യ കേന്ദ്രവും നടത്തുവാൻ പാടുള്ളതല്ല. എന്നാൽ ഈ സ്ഥാപനം ഇത്തരത്തിൽ കേരള സംസ്ഥാന ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറിൽനിന്നുള്ള അംഗീകാര പത്രം ഇല്ലാതെ യാണ് പ്രവർത്തിക്കുന്നത്. സ്ഥാപനം പരിശോധിച്ച് അത് ഏത് കാറ്റഗറിയിൽ ഉൾപ്പെട്ടതാണോ ആയതനുസരിച്ചുള്ള ചികിത്സാ സൗകര്യങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും മതിയായ അംഗീകാരപത്രം ഹാജരാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 3/17-12-16 ,മറുപടി ലഭ്യമാക്കിയത് 19-12-16)

## 2-3 പരസ്യ നികുതി ഈടാക്കണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അനുമതിയോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ പരസ്യനികുതി ഈടാക്കാവുന്നതാണ്. പരസ്യ നികുതി ഇനത്തിൽ 50,000 രൂപ ബജറ്റിൽ വരവ് കാണിച്ചിട്ടുണ്ടെങ്കിലും ഈയിനത്തിൽ തൻവർഷം വരവില്ല. നിലവിൽ പരസ്യ നികുതി ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് അന്തിമ ബൈലോ തയ്യാറാക്കി 30-03-2016 ലെ 8ാം നം തീരുമാനം പ്രകാരം ഭരണ സമിതി അംഗീകരിച്ച് നം A4-101/15 തീയതി 20-4-16 ലെ കത്തിലൂടെ ബഹു. പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഈ

നടപടി പ്രത്യേക അഭിനന്ദനമർഹിക്കുന്നു. ബൈലോയ്ക്ക് ഗവ.അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് തന്നെ പരസ്യനികുതി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 സേവന നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

2011 ലെ കെ.പി.ആർ (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം പഞ്ചായത്ത് ഏർപ്പെടുത്തുന്ന സേവനങ്ങൾക്ക് നിശ്ചിത നിരക്കിൽ കുറയാത്ത സേവന നികുതി ചുമത്താവുന്നതാണ്. തെരുവ് വിളക്ക് പരിപാലനം, ശുദ്ധജല വിതരണം തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തുന്നതിന് വർഷം തോറും വൻതുക ചെലവഴിക്കേണ്ടി വരികയും അതേ സമയം തനത് വരുമാനസാധ്യത വളരെ കുറഞ്ഞതുമായ പഞ്ചായത്തിന് ചട്ടപ്രകാരം സേവനനികുതി ഏർപ്പെടുത്താവുന്നതും നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്. സേവന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല-കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും വകുപ്പ് 232 പ്രകാരം പരസ്യം ചെയ്യാവുന്നതാണ്

കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതൊരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന് ഗ്രാമപഞ്ചായത്തിന് ഇതിലേക്കുള്ള ചട്ടങ്ങളിലെ നിർദ്ദേശിച്ചിട്ടുള്ളവയും സർക്കാരിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്തു പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യവസ്ഥയുണ്ട്.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് ഇല്ലാതെ സ്ഥലങ്ങൾ ഉപയോഗിക്കുന്നവർക്കെതിരെ ആവശ്യമെങ്കിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് 232 പ്രകാരമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-6 പഞ്ചായത്തിന്റെ കെട്ടിടങ്ങളിൽ നിന്നും വരുമാനം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

പഞ്ചായത്തിന് 2015-16 വർഷം ലേലം ഇനത്തിൽ വരവ് ഇല്ല. എന്നാൽ മുൻവർഷങ്ങളിൽ പഞ്ചായത്തിന് വരുമാനവർദ്ധനവ് ലക്ഷ്യമിട്ട് പദ്ധതി ഫണ്ട് ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഈ കെട്ടിടങ്ങൾ നിലവിൽ വാടകയ്ക്ക് നൽകുകയോ ലേലം നൽകുകയോ ചെയ്തിട്ടില്ല. കെട്ടിട നം 4/241, 3/242 എന്നിവ ഇപ്രകാരത്തിൽ നിർമ്മിച്ചവയാണ് .എന്നാൽ ഈ സ്ഥലങ്ങൾ ആയുർവ്വേദാശുപത്രിയുടെ മരുന്നു സംഭരണകേന്ദ്രവും മറ്റുമായാണ് നിലവിൽ ഉപയോഗിക്കുന്നത്. ഇവയ്ക്ക് വൈദ്യുതി ചാർജ്ജിനത്തിൽ നിശ്ചിത സംഖ്യ പഞ്ചായത്തിന് പ്രതിമാസം ചെലവും വരുന്നുണ്ട്. കെട്ടിടങ്ങൾ ലേല നടപടികളിലൂടെ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുമാനവർദ്ധനവിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണമെന്ന് നിർദ്ദേശിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുകുടിവെള്ള പദ്ധതി മെയിന്റനൻസ്- ടെണ്ടർ ഷെഡ്യൂളിൽ

## രേഖപ്പെടുത്തിയതിനേക്കാൾ അധിക നിരക്ക് അനുവദിച്ചു-നഷ്ടം 10627 രൂപ

പ്രോജക്റ്റിന്റെ പേരും, നമ്പരും- പൊതുകുടിവെള്ള പദ്ധതി മെയിന്റനൻസ്, 8/2016

| ചെലവ് (MG-Non Road) | | |
|---|---|---|
| ക്രമ.നം. | ബിൽ നം & തീയതി | തുക |
| 1 | 8/11-08-2015 | 39,250 |
| 2 | 10/22-08-2015 | 45,854 |
| 3 | 20/31-10-2015 | 49,695 |
| 4 | 22/17-12-2015 | 35,938 |
| 5 | 32/29-02-2016 | 19,000 |
| 6 | 37/17-03-2016 | 43,571 |
| 7 | 43/28-03-2016 | 43,172 |
| 8 | 46/28-03-2016 | 19,058 |
| 9 | 47/28-03-2016 | 10,900 |
| 10 | 50/31-03-2016 | 22776 |
| | ആകെ | 3,29,214 |

മേൽ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളായ വൗച്ചർ, ടെണ്ടർ ഷെഡ്യൂൾ, എം.ബുക്ക് തുടങ്ങിയവ പരിശോധിച്ചതിൽ വിവിധ ഇനങ്ങൾക്ക് ടെണ്ടർ ഷെഡ്യൂളിൽ രേഖപ്പെടുത്തിയതിനേക്കാൾ അധിക നിരക്ക് അനുവദിച്ചിട്ടുണ്ട്. ആയതുകൊണ്ട് പഞ്ചായത്തിന് 10627 രൂപയുടെ നഷ്ടമുണ്ടായി. വശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. അധികം നൽകിയ തുക കോൺട്രാക്ടറിൽ നിന്നു തിരികെ ഈടാക്കാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.6/21-12-2016) നൽകിയതിന് *അധികരിച്ച് നൽകിയ തുക ബന്ധപ്പെട്ട കോൺട്രാക്ടറിൽ നിന്നും ഈടാക്കുന്നതിന്നതാണെന്ന്* മറുപടിയായി അറിയിച്ചിട്ടുണ്ട്)

## 3-2 ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ടെണ്ടർ സ്വീകരിച്ച് സപ്ലൈ ഓർഡർ നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം 12400 രൂപ

പ്രോജക്റ്റിന്റെ പേരും, നമ്പരും - ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ്, 9/2016

ചെലവ് - 1,99,990 (ബിൽ നം.13/18-09-2016)

മേൽ പറഞ്ഞ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വൗച്ചർ, ടെണ്ടർ ഷെഡ്യൂൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ സ്പോർട്ട്സ് കിറ്റ് (12 Items) 20 ക്ലബുകൾക്കാണ് വിതരണം ചെയ്തിരിക്കുന്നത്. ടെണ്ടറിൽ 5 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. ഭരണ സമിതി തീരുമാന (5.8.2015 ലെ തീരുമാനം നം.4) പ്രകാരം സ്പാർക്കോ എന്റർപ്രൈസസ്, ചെർപ്പുള്ളശേരി ക്വാട്ട് ചെയ്ത നിരക്കിനുള്ളവ ഗുണമേന്മയില്ലെന്ന കാരണത്താൽ ടെണ്ടർ അംഗീകരിച്ചില്ല. എന്നാൽ അടുത്ത കുറവ് നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപത്തിന്റെ ടെണ്ടർ സ്വീകരിക്കാതെ (ജെ.എസ്. ഗിഫ്റ്റ് ആന്റ് ടോയ്സ്, പാലക്കാട്) ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത രാജധാനി ഏജൻസീസ്, ചെർപ്പുള്ളശേരി യുടെ ടെണ്ടർ സ്വീകരിച്ച് സപ്ലൈ ഓർഡർ നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനങ്ങൾ | രാജധാനി ഏജൻസീസ്, ചെർപ്പുള്ളശേരി ക്വാട്ട് ചെയ്ത നിരക്ക് | ജെ.എസ്. ഗിഫ്റ്റ് ആന്റ് ടോയ്സ്, പാലക്കാട് ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | Foot ball | 750 | 520 |
| 2 | Criket Bat | 1240 | 750 |
| 3 | Stump (2 set) | 600 | 360 |
| 4 | Tennis Ball | 65 | 60 |
| 5 | Volley Ball | 600 | 565 |
| 6 | Volley Ball Bat | 600 | 750 |
| 7 | Shuttle Bat (2 Nos) | 1500 | 1080 |
| 8 | Suttle Net | 300 | 750 |
| 9 | Shuttle cock | 240 | 900 |
| 10 | Caram Board | 2050 | 2400 |
| 11 | Hand Ball | 700 | 490 |
| 12 | Hocky Sticks | 1350 | 750 |
| | Total | 9995 | 9375 |

രാജധാനി ഏജൻസീസ്, ചെർപ്പുള്ളശേരി യുടെ ഇൻവോയിസ് നം.363/9-9-2015 പ്രകാരം 1,99,900 (9995*20) രൂപ നൽകിയിട്ടുണ്ട്. എന്നാൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ജെ.എസ്. ഗിഫ്റ്റ് ആന്റ് ടോയ്സ്, പാലക്കാടിന്റെ ടെണ്ടർ സ്വീകരിക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് 12,400 (9995*20-9375*20) രൂപയുടെ നഷ്ടമുണ്ടായി. നഷ്ടം ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/22-12-2106) നൽകിയതിൽ സബ് സ്റ്റാൻന്റേർഡ് സാധനങ്ങൾ സപ്ലൈ ചെയ്താൽ വ്യാപക പരാതി ഉണ്ടാകുമെന്നതിനാലാണ് രാജധാനി ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് എന്ന

മറുപടിയാണ് ലഭ്യമായത്. (ഈ കാലയവിൽ സ്പോർട്ട്സ് കിറ്റ് വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിച്ചിട്ടില്ല).

## 3-3 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് - അർഹതപ്പെട്ട ആനുകൂല്യം അനുവദിച്ചില്ല

ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്നും 2 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

1)പ്രോജക്റ്റ് നം -so 18/16

ഫണ്ട് - വികസന ഫണ്ട് (സാധാരണ വിഹിതം)

അടങ്കൽ - 75000

ചെലവ് - 75,000 (ബിൽ നം.03/2015-16- 26/3/2016 )

2)പ്രോജക്റ്റ് നം -so 19/16

ഫണ്ട് - വികസന ഫണ്ട് (എസ്.സി.പി)

അടങ്കൽ - 61200

ചെലവ് - 25700 (ബിൽ നം.04/2015-16- 26/3/2016 )

12-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം. 362/2013/ത.സ്വ.ഭ.വ തിയതി 16/11/2013 അനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുന്നതിന് സർക്കാർ നിശ്ചിത നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ അർഹതപ്പെട്ടവർക്ക് (14+4=18 പേർ) ആനുകൂല്യം വളരെ കുറവായിട്ടാണ് നൽകിയിട്ടുള്ളത്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിവിധ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിച്ച സ്കോളർഷിപ്പ് (ഡേ സ്കോളർ) തുകകളുടെ (വാർഷിക ബത്ത ഉൾപ്പെടെ) വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പഠിക്കുന്ന ക്ലാസ്, | വൈകല്യം | നല്കിയ തുക (ഒരു വിദ്യാർത്ഥിക്ക്) | നല്കേണ്ട തുക (ഒരു വിദ്യാർത്ഥിക്ക്) ( എല്ലാ ബത്തകളും ഉൾപ്പെടെ) | കുറവ് |
|---|---|---|---|---|---|
| പ്രോജക്റ്റ് നം -so 18/16 | | | | | |
| 1 | 8 | സംസാരശേഷി ഇല്ല | 500x10<br>5000 | 500x12+600= 6600 | 1600 |
| 2 | 4 | സംസാരശേഷി ഇല്ല | 400x10<br>4000 | 400x12 + 500<br>=5300 | 1300 |
| 3 | 6 | സംസാരശേഷി ഇല്ല | 500x10<br>5000 | 500x12+600= 6600 | 1600 |
| 4 | 2 | സംസാരശേഷി ഇല്ല | 400x10<br>4000 | 400x12 + 500<br>=5300 | 1300 |
| 5 | 6 | കാഴ്ച ശക്തി ഇല്ല | 500x10<br>5000 | 500x12+600= 6600 | 1600 |
| 6 | 5 | M.R+ചലനശേഷി ഇല്ല. | 1000x8<br>8000 | 19000 | 11000 |
| 7 | 9 | M.R | 1000x8<br>8000 | 19000 | 11000 |

| | | | | | |
|---|---|---|---|---|---|
| 8 | 4 | M.R | 1000x8<br>8000 | 19000 | 11000 |
| 9 | 7 | ശാരീരിക വെല്ലുവിളി | 500x10<br>5000 | 500x12<br>+600=6600 | 1600 |
| 10 | 3 | ശാരീരിക വെല്ലുവിളി | 400x10<br>4000 | 400x12+500<br>=5300 | 1300 |
| 11 | 4 | ശാരീരിക വെല്ലുവിളി | 400x10<br>4000 | 400x12+500<br>=5300 | 1300 |
| 12 | +2 | ശാരീരിക വെല്ലുവിളി | 600x10<br>6000 | 600x12<br>+800=8000 | 2000 |
| 13 | 9 | ശാരീരിക വെല്ലുവിളി | 600x10<br>6000 | 600x12<br>+800=8000 | 2000 |
| 14 | 3 | ശാരീരിക വെല്ലുവിളി | 400x10<br>4000 | 400x12 + 500<br>=5300 | 1300 |
| പ്രോജക്ട് നം -so 19/16 | | | | | |
| 1 | 4 | സംസാരശേഷി ഇല്ല | 400x10<br>4000+500 | 400x12 + 500<br>=5300 | 800 |
| 2 | 5 | M.R | 1000x10<br>10000 | 19000 | 11000 |
| 3 | 7 | ശാരീരിക വെല്ലുവിളി | 500x10<br>5000+600 | 5000x12<br>+600<br>=6600 | 1000 |
| 4 | 5 | ശാരീരിക വെല്ലുവിളി | 500x10<br>5000+600 | 5000x12<br>+600=6600 | 1000 |

പദ്ധതി മാർഗ്ഗരേഖയനുസരിച്ച് പ്രതിമാസ സ്കോളർഷിപ്പ് ഒരു വർഷത്തിൽ 12 മാസവും നൽകാവുന്നതാണ്. അർഹതപ്പെട്ടവർക്ക് മുഴുവൻ ആനുകൂല്യങ്ങളും ലഭ്യമാക്കുന്ന തരത്തിൽ ഫണ്ട് വകയിരുത്തേണ്ടതും അപ്രകാരം പദ്ധതി നടപ്പാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ 12 ാം പദ്ധതി മാർഗ്ഗരേഖ ,സബ്സിഡി മാർഗ്ഗരേഖയും പ്രകാരം നിർബന്ധമായും സംയുക്ത പ്രോജക്ട് തയ്യാറാക്കണമെന്ന് പറഞ്ഞിട്ടുള്ളവയിൽ ഉൾപ്പെടുന്ന ഒരു പ്രോജക്ടാണ് ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് / ബത്ത നൽകൽ. എന്നാൽ സംയുക്ത പ്രോജക്ട് തയ്യാറാക്കി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉറപ്പു വരുത്താതെ പ്രോജക്ട് തയ്യാറാക്കിയതു വഴി സമൂഹത്തിൽ ഏറ്റവും അർഹരായ വിഭാഗക്കാർക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കാത്ത സ്ഥിതിവിശേഷം സംജാതമാകുന്നുണ്ട്.

ഈ വിഷയം ഓഡിറ്റ് അന്വേഷണം നം 1/16-12-16 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്. വരു വർഷങ്ങളിൽ ഈ അപാകതപരിഹരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സമൂഹത്തിൽ ഏറ്റവും അർഹരായ വിഭാഗക്കാർക്ക് അർഹമായ ആനുകൂല്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും സാമൂഹിക നീതി നില നിർത്തുന്നതിനും ഒരു പ്രാദേശിക ഭരണ സംവിധാനത്തിന് കഴിയണമെന്നും ആയതു പ്രകാരം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-4 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കി ചെലവ് ചുരുക്കേണ്ടതാണ്

തനത് വരുമാനം പരിമിതമായ കാവശ്ശേരി ഗ്രാമപഞ്ചായത്തിന് തെരുവുവിളക്കുകളുടെ പരിപാലനത്തിനായി

ഭീമമായ തുക ചെലവഴിക്കേണ്ടി വരുന്നുണ്ട്. വിവിധ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. വൈദ്യുതി ചാർജ്ജ്

വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് മേലാർകോട് ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന തെരുവുവിളക്കുകളാണ് നിലവിലുള്ളത്.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് |
|---|---|---|---|
| 1 | സാധാരണ ലാമ്പ് - 40 W | 215 | 61 |
| 2 | സി.എഫ്.എൽ - 2*11 W | 961 | 14 |
| 4 | ഡബിൾ ട്യൂബ് 2*40 W | 143 | 124 |
| 5 | സിംഗിൾ ട്യൂബ് - 1*40 W | 47 | 61 |
| 6 | സോഡിയം വേപ്പർ ലാമ്പ് - 250 W | 67 | 414 |
| ആകെ | | 1659 | |

പാടൂർ സെക്ഷനിൽ 2015-16 വർഷം 74,906 രൂപ പ്രതിമാസം വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കിവരുന്നുണ്ട്. പ്രതിവർഷ വൈദ്യുതി ചാർജ്ജ് 8,98,872 രൂപയാണ്.

ബി. നിലിവിലില്ലാത്ത സാധാരണ ലാമ്പുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നു

2015-16 വർഷത്തിൽ സാധാരണ ലാമ്പുകളൊന്നും ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടില്ല. വൈദ്യുതി ബോർഡിന്റ കണക്കിൽ 40 വാട്ടിന്റെ 215 സാധാരണ ലാമ്പുകൾ ഉണ്ടെങ്കിലും യഥാർത്ഥത്തിൽ ഇവ നിലവിലില്ല. 13,115 രൂപ നിലവിലില്ലാത്ത ലാമ്പുകൾക്ക് ഗ്രാമപഞ്ചായത്ത് പ്രതിമാസം ഒടുക്കുന്നുണ്ട്. 2015-16 വർഷത്തിൽ 1,57,380 രൂപ വൈദ്യുതി ബോർഡിന് ഈ ഇനത്തിൽ ആകെ ഒടുക്കിയിട്ടുണ്ട്. നിലവിലില്ലാത്ത ലാമ്പുകളുടെ കണക്ക് ഒഴിവാക്കി വൈദ്യുതി ചാർജ്ജ് ക്രമീകരിക്കുന്നതിനുള്ള ശ്രമം നടത്തിയിട്ടില്ല.

സി. സാധനസാമഗ്രികളുടെ വാങ്ങലുകളും അറ്റകുറ്റപണിയും

വൈദ്യുതി ചാർജ്ജ് കൂടാതെ അറ്റകുറ്റപണികൾക്കും, സാധന സാമഗ്രികളുടെ വാങ്ങലിനുമായി തനത് ഫണ്ടിൽ നിന്നും വികസനഫണ്ടിൽ നിന്നും വൻ തുക ചെലവഴിക്കുന്നുണ്ട്. 2015-16 വർഷത്തിൽ ഈ ആവശ്യങ്ങൾക്കായി സെക്രട്ടറി മുഖേന ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പറും,പേരും | ചെലവ് | | വാങ്ങിയ സാമഗ്രികൾ |
|---|---|---|---|---|
| | | തുക | ബിൽ നം.& തീയതി | |
| 1 | 6/16, വിവിധ വാർഡുകളിലേക്ക് സ്ട്രീറ്റ് ലൈറ്റ് | 4,55,879* | 12/24-8-16 | *4,55,879 രൂപ ചെലവഴിച്ച് 2*11WATTS CFL STREET LIGHT FITTINGS, 2*11 WATTS 4PIN LAMP എന്നിവ വാങ്ങിയിട്ടുണ്ട് |
| | | 44,121- | 24/ 11-1-16 | |
| | | 5687 | ചെക്ക് നം. 370315/ 19-12-16 | |
| 2 | 7/16, തെരുവുവിളക്കുകളുടെ റിപ്പയറിംഗ് | 90,297 | 16/29-9-16 | *3,98,129 രൂപ ചെലവഴിച്ച് KREWSമുഖേന50 WATTS SVL BULB, 250 WATTS SVL CHOKE, 2*11 WATTS 4PIN LAMP തുടങ്ങിയവ വാങ്ങിയിട്ടുണ്ട് |
| | | 3,98,129* | 18/30-1-16 | |
| | | 1,98,247 | 21/17-12-15 | |
| | | 1,48,495 | 35/17-3-16 | |
| | | 64,375 | 45/28-3-16 | |

തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമല്ല. രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

ഡി. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ

തെരുവുവിളക്കുകൾക്ക് 20 സ്ഥലത്ത് മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ 3 ൽ 2 ഭാഗം വൈദ്യുതി ചാർജ്ജ് ഇപ്പോഴും മീറ്റർ സ്ഥാപിക്കാതെ *Burning Hours* ന്റെ അടിസ്ഥാനത്തിലാണ് അടവാക്കുന്നത്. വൈദ്യുതി ബോർഡിൽ ആവശ്യമായ തുക നിക്ഷേപിച്ച് എല്ലാ ലാമ്പുകളേയും മീറ്ററിനു കീഴിൽ കൊണ്ടു വന്നാൽ വൈദ്യുതി ചാർജ്ജിനത്തിൽ കുറവ് പ്രതീക്ഷിക്കാവുന്നതാണ്.

ഇ. ഓഡിറ്റ് നിർദ്ദേശങ്ങൾ

വൈദ്യുതി ചാർജ്ജ്, വാങ്ങലുകൾ, അറ്റകുറ്റപണികൾ എന്നിവയ്ക്കായി പ്രതിവർഷം ശരാശരി 23.5 ലക്ഷം രൂപയെങ്കിലും വേണ്ടിവരുമെന്ന് മേൽകണക്കുകൾ സൂചിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. നിലവിലില്ലാത്ത ലാമ്പുകളുടെ വൈദ്യുതി ചാർജ്ജ് ഒഴിവാക്കി പഞ്ചായത്ത് ഫണ്ടിന്റെ നഷ്ടം കുറയ്ക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അധികമായി ഈടാക്കിയ തുക തിരികെ നൽകുവാനോ കുടിശ്ശിക തുകയിൽ നിന്ന് കുറവു ചെയ്യുവാനോ വൈദ്യുതി ബോർഡിനോട് ആവശ്യപ്പെടേണ്ടതാണ്.

3. ഊർജ്ജ ഉപഭോഗം കൂടുതലുള്ള 620 മറ്റ് ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പകരം ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

4. എല്ലാ തെരുവ് വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

5. സ.ഉ(ആർ.ടി)നം.2487/2016/എൽ.എസ്.ജി.ഡി തിയതി 20-8-2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾക്കായി പുതിയ മാന്വൽ അംഗീകരിച്ചിട്ടുണ്ട്. തുടർന്നുള്ള വാങ്ങലുകൾ മാന്വലിലെ വ്യവസ്ഥകൾക്ക് അനുസരിച്ചായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

6. തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്. ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള മാതൃകയിൽ തെരുവ് വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

7. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തം ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലയിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണത്തിലെടുത്തുള്ള സമഗ്ര പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്ന പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി കാര്യക്ഷമമായ തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചാൽ വൈദ്യുതി ചാർജ്ജും പരിപാലനച്ചെലവും ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന തുടർനപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 കുടിവെള്ള പദ്ധതികൾ-അവലോകനം

ഗ്രാമപഞ്ചായത്തിൽ ആകെ 9 കുടിവെള്ള പദ്ധതികളിലായി നിലവിലുള്ള രേഖകളനുസരിച്ച് 1547 കണക്ഷനുകളാണ് ഉള്ളത്. ആയതിൽ 1533 എണ്ണം ഗാർഹിക ഉപഭോക്താക്കളും 14 എണ്ണം ഗാർഹികേതര ഉപഭോക്താക്കളുമാണ് ഗാർഹിക കണക്ഷനുകളിൽ നിന്നും 50 രൂപയും ഗാർഹികേതര കണക്ഷനുകളിൽ നിന്നും 152 രൂപയുമാണ് പ്രതിമാസം കുടിവെള്ള കരമായി ഈടാക്കുന്നത്. രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ 1533 എണ്ണം ഗാർഹിക ഉപഭോക്താക്കൾ ഉണ്ടെങ്കിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നോട്ടീസ് നൽകിയപ്പോൾ 60 ഗുണഭോക്താക്കൾ 2013 മുതൽ ഗുണഭോക്തൃ സമിതിക്ക് കൈമാറി നൽകിയ വേപ്പിലശ്ശേരി കുടിവെള്ള പദ്ധതിയിലേക്ക് മാറിയതായി ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതായി പറയുന്നു . എന്നാൽ ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ കൈവശം വ്യക്തമായ കണക്കില്ല. ആയതിനാൽ യഥാർത്ഥ കുടിശ്ശിക എത്രയെന്ന്

വ്യക്തതയില്ല. മേൽ സൂചിപ്പിച്ച 60 ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തിയാണ് വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

2015-16 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിവെള്ള ചാർജ്ജ് പിരിച്ചെടുത്തതിന്റെ വിവരം താഴെക്കൊടുക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കുടിശ്ശിക | 904213 | 179910 | 724303 |
| തൻവർഷം | 830276 | 360631 | 469645 |
| ആകെ | 1734489 | 540541 | 1193948 |

2015-16 വർഷത്തിൽ കുടിവെള്ള പദ്ധതികൾക്കായുള്ള വൈദ്യുതി ചാർജ്ജ് , പമ്പ് ഓപ്പറേറ്റർമാരുടെ വേതനം, അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമായി വരുന്ന ചെലവ് എന്നിവ താഴെ പറയും പ്രകാരമാണ്.

| വേതനം | കറന്റ് ചാർജ്ജ് | അറ്റകുറ്റപ്പണികൾ | ആകെ ചെലവ് |
|---|---|---|---|
| 371550 | 1255884 | 391114 | 2018548 |

നിലവിലുള്ള ഡിമാന്റ് തുകയേക്കാൾ അധികം പരിപാലനത്തിനായി ചെലവു വരുന്ന ഈ സാഹചര്യം താരതമ്യേന കുറഞ്ഞ തനതു വരുമാന സാധ്യതയുള്ള പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആശാസ്യമല്ല.ആയതിനാൽ ഇതിനായി സ്ഥിരമായ ഒരു പ്രതിവിധി കണ്ടെത്തുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന സ.ഉ(സാ)നം. 1275/2009/ത.സ്വ.ഭ.വ തിയതി 30-5-2009 ലെ നിർദ്ദേശം പാലിക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

2. ഉപഭോക്താക്കളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി വെള്ളക്കരം കുടിശ്ശിക കണക്കാക്കി അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്.

3. ദീർഘ നാൾ കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പരിപാലനത്തിനായുള്ള ചെലവ് ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സ.ഉ(സാ)നം. 1275/2009 /ത.സ്വ.ഭ.വ തിയതി 30-5-2009 ഖണ്ഡിക 3-4 ലെ നിർദ്ദേശപ്രകാരം വെള്ളക്കരം നിരക്കുകൾ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പരിഷ്കരിക്കാവുന്നതാണ്.

5. ഗാർഹിക കണക്ഷനുകളിൽ ഘടിപ്പിച്ചിരിക്കുന്ന മീറ്ററുകൾ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിക്കേണ്ടതാണ്.

6. ശുദ്ധജലം പാഴാക്കുന്ന പ്രവണത ഉണ്ടോയെന്ന് ഇടയ്ക്കിടെ പരിശോധിക്കാവുന്നതും മഴക്കുറവ്, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ പ്രശ്നങ്ങളാൽ വരാനിരിക്കുന്ന വരൾച്ചയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാവുന്നതുമാണ്.

മേൽ വിഷയം ചർച്ചചെയ്ത് ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 തുക നൽകിയിട്ടും മരുന്ന വിതരണം ചെയ്തിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട്നം : 24/16

ഫണ്ട്: പദ്ധതി വിഹിതം

അടങ്കൽ:100000 രൂപ

ബിൽ നം : 11/15-16 /23-03-16 തുക 100000/-

മേൽ പ്രോജക്റ്റ് പ്രകാരം മരുന്ന വാങ്ങുന്നതിനായി കേരള സംസ്ഥാന ഹോമിയോപ്പതിക് കോർപ്പറേറ്റീവ് ഫാർമസിയ്ക്ക് തുക നൽകിയിട്ടുണ്ടെങ്കിലും (D D No.372998 / 30-03-16 )നാളിതു വരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് കൂടിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യസ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങി നൽകുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത്. എന്നാൽ അതത് സമയങ്ങളിൽ ആവശ്യമായ മരുന്ന് എത്തിക്കാൻ കഴിയാതിരിക്കുന്നത് യഥാർത്ഥ ഗുണം രോഗികൾക്ക് ലഭ്യമാവാത്ത സ്ഥിതി വിശേഷം ഉണ്ടാക്കുന്നതാണ്. മരുന്ന് എത്തിക്കാത്തത് സംബന്ധിച്ച് യാതൊരു തുടർനടപടിയും പഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടില്ല. നിലവിൽ ഹോമിയോ ഡിസ്പെൻസറിയിൽ രോഗികൾക്ക് ആവശ്യമായ മരുന്ന് തികയാക്കാത്തതിനാൽ പുറമെ നിന്ന് വാങ്ങുന്നതിനായി റഫർ ചെയ്ത് നൽകുകയാണെന്നും ഹോമിയോ ഡിസ്പെൻസറിയിലെ ജീവനക്കാരിൽ നിന്നും മനസ്സിലായി.മരുന്ന് ലഭ്യമാക്കുന്നതു വരെ മരുന്നിനായി ഹോംകോയ്ക്ക് നൽകിയ തുക 100000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 3-7 നെൽ കർഷകർക്ക് സബ്സിഡി തുക സർക്കാർ ഉത്തരവിന് വിരുദ്ധമായി പണമായി നൽകി

| പ്രോജക്റ്റിന്റെ പേരും,നമ്പറും | ചെലവു വിവരങ്ങൾ |
|---|---|
| നെൽകൃഷി പ്രാരംഭ ചെലവുകൾ (ജനറൽ), 20/2016 | Rs.41,91,360 (ബിൽ നം.1/23.3.16- 2514816, 135780/21.3.16-1047840, 370913/30.1.16-628704) |
| നെൽകൃഷി പ്രാരംഭ ചെലവുകൾ (എസ്.സി), 11/2016 | Rs.67,740 (ബിൽ നം.2/23.3.16-40644, 370849/30.1.16-10161, 134914/17.3.16-16935) |

മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം പാടശേഖരസമിതി സെക്രട്ടറിമാർക്ക് ഡി ഡി ആയാണ് സബ്സിഡി തുക അനുവദിച്ചിരിക്കുന്നത്. പാടശേഖരസമിതി സെക്രട്ടറിമാർ ഡി.ഡി ബാങ്കിൽ നിന്നും cash ആയി മാറിയെടുത്താണ് തുക കർഷകർക്ക് നേരിട്ട് വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ സർക്കാർ ഉത്തരവ് (സാധാ)നം.1805/2014/ തസ്വഭവ, തീ.14-07-2014 പ്രകാരം ഗുണഭോക്താക്കൾക്ക് നൽകുന്ന പേയ്മെന്റുകൾ അവരുടെ ബാങ്ക്അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ Production Bonus (B Fund) അനുവദിച്ചതും (Rs.7,25,000, ബിൽ നം.1/11.9.15) ഇപ്രകാരമാണ്.

ആയതിനാൽ ഇപ്രകാരം സബ്സിഡി വിതരണം ചെയ്തതിന് വിശദീകരണം ആവശ്യപ്പെടുന്നു. കൂടാതെ ഭാവിയിൽ ഗുണഭോക്താക്കൾക്ക് നൽകുന്ന പേയ്മെന്റുകൾ അവരുടെ ബാങ്ക്അക്കൗണ്ടിലേക്ക് നേരിട്ട് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ഭവന പുനരുദ്ധാരണം (എസ്.സി) -പദ്ധതി പൂർത്തീകരിച്ചില്ല

ഭവന പുനരുദ്ധാരണം (എസ്.സി) -SCP (പ്രോജക്റ്റ് നം.172/16)

അടങ്കൽ -10,50,000

ചെലവ് - 9,00,000

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്റ്റ് പ്രാകാരം ഭവന പുനരുദ്ധാരണത്തിന് 21 ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതം വകയിരുത്തിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് തുക കൈപ്പറ്റിയ ശേഷം പണി പൂർത്തീകരിക്കാത്തതിനാൽ അവസാന ഗഡു അനുവദിച്ചില്ല. ആകയാൽ പണി പൂർത്തീകരിക്കുകയോ അല്ലാത്ത

പക്ഷം അഡ്വാൻസ് തുക തിരികെ ഈടാക്കി സഞ്ചിത നിധിലേക്ക് അടവാക്കുകയോ ചെയ്യേണ്ടതാണ്. ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|
| മാണിക്കൻ.വി s/o വെള്ള, ഇടത്തിൽ ഹൗസ്, നെല്ലിയംകുന്ന്, ഇരട്ടക്കുളം | Rs.25,000 |
| തങ്കw/o കോരൻ, കരകുളം വീട്, കഴനി | Rs.25,000 |
| പ്രീത.എം D/o മണി.പി, ഇടത്തിൽ കോളനി, ഇരട്ടക്കുളം | Rs.25,000 |
| സത്യഭാമ രാജു w/o രാജു, പറപ്പടി ഹൗസ്, തെന്നിലാപുരം | Rs.25,000 |

## 3-9 ഭവന നിർമാണ പദ്ധതി പൂർത്തീകരിച്ചിട്ടില്ല

ജവഹർലാൽ ഭവന പദ്ധതി (പ്രോജക്റ്റ് നം.79/16) പ്രകാരം ആരംഭിച്ച വീട് നിർമാണം നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

(യൂണിറ്റ് നിരക്ക്- 200000)

| ക്രമ നം. | ഗുണഭോക്താവിന്റെപേരും വിലാസവും | അനുവദിച്ച തുക | അനുവദിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | സൗമിനി w/o ബാബു വക്കീൽപടി, കാവശ്ശേരി | 142000 | 58000 |
| 2 | ജാനകി w/oനാരായണൻ, നടക്കാവ് വീട്, കഴനി, കാവശ്ശേരി | 182500 | 17500 |
| 3 | രുഗ്മണി w/o മണി, മേലേവീട്, കഴനി, കാവശ്ശേരി | 182500 | 17500 |
| 4 | സുമതി w/o ശിവകുമാർ, കാർത്ത്യായനി നിവാസ്, പാടൂർ | 182500 | 17500 |
| 5 | ധനലക്ഷ്മി w/o രാജക്കുട്ടി, വേപ്പിലശ്ശേരി, കാവശ്ശേരി | 182500 | 17500 |
| 6 | ജലജ w/o കൃഷ്ണൻകുട്ടി,നൊച്ചിപ്പറമ്പ്, ഇരട്ടക്കുളം, ആനമാറി | 182500 | 17500 |
| 7 | സുഭദ്ര w/o സുരേഷ്, ആലിങ്കൽപ്പറമ്പ്, കാവശ്ശേരി | 182500 | 17500 |
| 8 | ബീന w/o പീതാംബരൻ, കളത്തിൽ വീട്, വടക്കേത്തറ, കാവശ്ശേരി | 22500 | 177500 |
| 9 | ചെല്ല w/o പൊന്നൻ, വടക്കേത്തറ, കാവശ്ശേരി | 142500 | 57500 |
| 10 | ഷെറീന w/o സെയ്ത്, ഉച്ചാറുകുളം, ചുണ്ടക്കാട്, കാവശ്ശേരി | 82500 | 117500 |

ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ക്ഷീരഗ്രാമം പദ്ധതിക്ക് ലഭിച്ച ബ്ലോക്ക് വിഹിതം നാളിതുവരെയും പൂർണ്ണമായി ചെലവഴിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

പ്രോജക്റ്റിന്റെ പേരും, നമ്പറും- ക്ഷീരഗ്രാമം, 85/16 (സ്പിൽ ഓവർ)

ചെലവ്- 37,500 രൂപ (പ്ലാൻ ഫണ്ട് ബിൽ നം.1/15-09-2015)

2,87,500രൂപ (ബ്ലോക്ക് വിഹിതം വിവിധ ചെക്കുകൾ മുഖേന ചെലവഴിച്ചു)

51പശുക്കളെ വാങ്ങുന്നതിനായി 6,37,500 രൂപ (51*12500) വകയിരുത്തിയ മേൽ പദ്ധതിക്ക് ബ്ലോക്ക് വിഹിതമായി 2014-15 ൽ ലഭിച്ച തുക ടി വർഷം ചെലവഴിക്കാതെ സ്പിൽ ഓവർ ആകുകയും 2015-16 ൽ പദ്ധതി നടപ്പിലാക്കിയപ്പോൾ തുക മുഴുവനായും ചെലവഴിക്കാനും കഴിഞ്ഞിട്ടില്ല. ആലത്തൂർ ബ്ലോക്കിൽ നിന്നും ലഭിച്ച 6,00,000 രൂപ (DD No.958434/21.02.15) തനത് ഫണ്ടിൽ നിക്ഷേപിച്ചതിൽ നാളിതുവരെ 2,87,500 രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത് ബാക്കിയുള്ള 3,12,500 രൂപ ചെലവഴിക്കാതെ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തന്നെ കിടക്കുകയാണ്.

എന്നാൽ സബ്സിഡി മാർഗരേഖ (ജി.ഒ.(എം.എസ്)നം. 362/2013/ തസ്വഭവ, തീയതി-16-11-2013, ഖണ്ഡിക 11.13.viii (ഒ) ) പ്രകാരം ചെലവഴിക്കാത്ത തുക ആയത് നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് തന്നെ തിരിച്ചടക്കണമെന്ന വ്യവസ്ഥചെയ്യുന്നുണ്ട്. എന്നാൽ ഈ നിർദ്ദേശം നിർവ്വഹണോദ്യഗസ്ഥൻ പാലിച്ചിട്ടില്ല. ഇത്തരം അപാകതകൾ വരുത്താതെ സബ്സിഡി മാർഗ്ഗരേഖ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ആകയാൽ 3,12,500 രൂപ ചെലവഴിക്കാൻ സാധിക്കാത്ത പക്ഷം തുക തിരികെ സഞ്ചിത നിധിയിലേക്ക് അടവാക്കേണ്ടതാണ്.

## 3-11 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

ഗ്രാമ പഞ്ചായത്ത് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | ചെലവ് തുക | ബിൽ/ഡി.ഡി നം.& തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 1 | ഐ.എ.വൈ അധിക വിഹിതം (ജനറൽ) | 33/16 | 800000 | 1/26-10-16 | വി.ഇ.ഒ | സെക്രട്ടറി, ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് |
| 2 | ഐ.എ.വൈ അധിക വിഹിതം (എസ്.സി.പി) | 22/16 | 1500000 | DD No. 695631-01/10/15 | അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് |
| 3 | ഐ.എ.വൈ ഭവന പദ്ധതി (എസ്.സി.പി) | 153/16 | 1900000 | 51-31/03/16 | സെക്രട്ടറി | സെക്രട്ടറി, ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് |
| 4 | തെരുവു നായക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി | 134/16 | 350000 | 28/29-01-16 | സെക്രട്ടറി | സെക്രട്ടറി, പാലാക്കാട് ജില്ലാ പഞ്ചായത്ത് |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-12 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 27 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 19 എണ്ണം സ്വന്തം കെട്ടിടത്തിലും ബാക്കിയുള്ള 8 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കുടിവെള്ള സൗകര്യം ഒരുക്കിയിട്ടുള്ളത് 17 എണ്ണത്തിലാണ് 11 എണ്ണത്തിൽ നാളിതുവരെയും സ്വന്തമായി കുടിവെള്ള സൗകര്യം ഒരുക്കിയിട്ടില്ല. ആകെയുള്ള 23 അങ്കണവാടികൾ 17 എണ്ണം മാത്രമാണ് വൈദ്യുതികരിച്ചിരിക്കുന്നത് ബാക്കിയുള്ള 11 അങ്കണവാടികളിൽ നാളിതുവരെയും വൈദ്യുതീകരിച്ചിട്ടില്ല. ബേബി ഫ്രണ്ട് ലി അല്ലാത്ത ടോയ് ലെറ്റുകളാണ്

അങ്കണവാടികളിൽ നിർമ്മിച്ചിരിക്കുന്നത്.

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും, മുൻഗണന നൽകി അവ പ്രാവർത്തികമാക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-13 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈട് നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2015-16 വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വിശദാംശം | 2015-16വർഷം |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3497 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3497 |
| 3 | തൻവർഷത്തെ ആകെ അടങ്കൽ | 4,21,00,000 |
| 4 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 138 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 118 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 95 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | ഇല്ല |
| 8 | തൻവർഷത്തെ വരവ് (പലിശ ഉൾപ്പെടെ) | 10705214 |
| 9 | തൻവർഷത്തെ ചെലവ് (ബാങ്ക്ചാർജ്ജ് ഉൾപ്പെടെ) | 10712661 |
| 10 | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2275 |
| 11 | 100 തൊഴിൽദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 11 |
| 12 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്?<br>തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | ഇല്ല |
| 13 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | ഇല്ല |
| 14 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ? | ഉണ്ട് |
| 15 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം | ഇല്ല |
| 16 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | ഒക്ടോബർ 2015,ഏപ്രിൽ 2016 |
| 17 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് |
| 18 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം | ഇല്ല |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമനം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | എണ്ണം |
|---|---|---|
| 1 | മണ്ണ്-ജല സംരക്ഷണം | . 7 |
| 2 | വരൾച്ച തടയൽ, വനവത്കരണം | - |
| 3 | ചെറുകിട ജലസേചനം | 72 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയ വരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | - |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | |
| 6 | ഭൂവികസനം | - |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | - |
| 8 | റൂറൽ കണക്ടിവിറ്റി | - |
| 9 | വീട് നിർമ്മാണം-ഐ.ഏ.വൈ | - |
| 10 | റൂറൽ സാനിറ്റേഷൻ | - |
| | മറ്റു ചെലവുകൾ | - |
| | ആകെ | 118 |

അവലോകനം

| ക്രമനം. | | 2015-16 |
|---|---|---|
| 1 | ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക | 42100000 |
| | ചെലവഴിച്ച തുക | 10712661 |
| | ശതമാനം | 25.45% |
| 2 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3497 |
| | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2275 |
| | ശതമാനം | 65% |
| 3 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 11 |
| 4 | തൻവർഷം സൃഷ്ടിച്ച ആസ്തികൾ | ഇല്ല |

ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണം എന്ന ലക്ഷ്യം കൈവരിക്കാൻ പദ്ധതിയിലൂടെ കഴിഞ്ഞിട്ടില്ല. കൂടാതെ വരൾച്ച തടയൽ, കുളങ്ങൾ വൃത്തിയാക്കൽ ,ഭൂവികസനം തുടങ്ങിയ പദ്ധതികളും ഉൾപ്പെടുത്തുന്നതിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 628704 | നെൽകൃഷിക്ക് പ്രാരംഭചെലവുകൾ | 628704 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (ജനറൽ) (20/16) | | |
| ജില്ലാ പഞ്ചായത്ത് | 2015-16 | 1047840 | നെൽകൃഷിക്ക് പ്രാരംഭചെലവുകൾ(ജനറൽ) (20/16) | 1047840 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 600000 | ക്ഷീരഗ്രാമം (85/16) | 287500 | 312500 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 240000 | ഭിന്നശേഷിയുള്ളവർക്ക് ചലനോപകരണം നൽകൽ (38/16) | 240000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 500000 | (47/16) | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 10161 | കർകർനെൽകൃഷിക്ക് പ്രാരംഭചെലവുകൾ (ജനറൽ) (11/16) | 10161 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 16935 | നെൽകൃഷിക്ക് പ്രാരംഭചെലവുകൾ (ജനറൽ) (11/16) | 16935 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ തിരിച്ചടവ് | IDL/EMS /2009-10, Dated. 26.12.2009 | 19803500 | 4529425 | 1980350+ 723060 | - | 1826015 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 44,816രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2011-12 | 3-8(3) | 1626 | കെ.സോമസുന്ദരൻ, അക്കൗണ്ടന്റ് | 11505101484/ 26.05.2015 |
| 2011-12 | 3-8(1), 3-8(2) | 3915 | സി.കൃഷ്ണൻ ,സെക്രട്ടറി | 11505101716/ 15.07.2015 |
| 2011-12 | 2-1 | 900 | കുഞ്ഞാലൻ, പമ്പ് ഓപ്പറേറ്റർ | 11505101965/ 4.08.2015 |
| 2011-12 | 2-1 | 900 | കരുണാകരൻ, പമ്പ് ഓപ്പറേറ്റർ | 11505101924/ 5.08.2015 |
| 2012-13 | 2-8 | 2000 | Ms/ ജം & റബ്ബർ പോളിമേഴ്സ് | 11505102520/ 22.09.2015 |
| 2011-12 | 2-1 | 480 | വെള്ള, ഡ്രൈവർ | 11505103520/ 09.12.2015 |
| 2011-12 | 2-1 | 750 | ഗോപാലകൃഷ്ണൻ MGNREGS | 11505103524/ 10.12.2015 |
| 2005-06 | 3-7 | 5187 | കെ.വി. രമേഷ് കോൺട്രാക്ടർ ,VAT | 20/8949 /10.12.15 |
| | | 8201 | എ.വി.ബാബു, VAT | 19/8949 /10.12.15 |
| 2011-12 | 2-1 | 480 | മുരളീധരൻ , ഡ്രൈവർ | 11505103566 /11.12.15 |
| 2005-06 | 3-7 | 8380 | പി.സുരേഷ്,കോൺട്രാക്ടർ ,VAT | 21/8949 /15-12-15 |
| 2003-04 | 3-1 | 410 | സി.എസ്.രഘുരാമൻ,സെക്രട്ടറി | 11505103613 /15-12-15 |
| 2003-04 | 3-3 | 3500 | സി.എസ്.രഘുരാമൻ,സെക്രട്ടറി | 115051036 /15-12-15 |
| 2009-10&10-11 | 3-1(a) | 8087 | അരുൺ.പി,അസി.എഞ്ചിനീയർ | 22/8949 /19-1-16 |
| ആകെ | | 44816 | | |

വാർഷിക ധനകാര്യപത്രിക പ്രകാരം ഈയിനത്തിൽ 23137 രൂപയാണ് വരവ് കാണിച്ചിരിക്കുന്നത്. 21768 രൂപ

VAT അടവാക്കിയ ഇനത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ആകെ വരവിൽ 89 രൂപ പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനാറിപ്പോർട്ട് പ്രകാരം അടവാക്കിയതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51018453 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59848320 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23027 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 10627 | ശ്രീ. സി.രവീന്ദ്രൻ ,സെക്രട്ടറി (റിട്ട) |
| 3-2 | - | 12400 | ശ്രീ. സി.രവീന്ദ്രൻ,സെക്രട്ടറി (റിട്ട) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 100000 | ഡോ.സി.രോഹിണി, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി.രവീന്ദ്രൻ,സെക്രട്ടറി | റിട്ടയേർഡ് | s/o വേലുക്കുട്ടി ( late), മംഗളവിലാസം,വരയൻകോട്, വടക്കഞ്ചേരി. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി9-193/98/5-7-12 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 1997-98 | എൽ.എഫ്.പി7-99/2000/6-7-2001 | ഫർദർ റിമാർക്സ് |
| 1998-99 | എൽ.എഫ്.പി10-509/2002/13-2-2003 | ഫർദർ റിമാർക്സ് |
| 1999-2000 | എൽ.എഫ്.പി10-501/10/19-7-2010 | ബഹു ഡയറക്ടർക്കുള്ള കത്ത് |
| 2000-01 | എൽ.എഫ്.പി10-545/05/16-7-2006 | ഫർദർ റിമാർക്സ് |
| 2001-02 | എൽ.എഫ്.പി10-556/04/13-7-2006 | ഫർദർ റിപ്പോർട്ട് |
| 2002-03 | എൽ.എഫ്.പി10-101/08/11-11-2010 | ഫർദർ റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി10-953/11/10-4-2012 | ഫർദർ റിമാർക്സ് |
| 2004-05 | എൽ.എഫ്.പി10-952/11/7-5-2012 | ഫർദർ റിമാർക്സ് |
| 2005-06 | എൽ.എഫ്.പി10-954/11/12-4-2012 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ്.പി10-1037/12/16-7-2012 | ഫർദർ റിപ്പോർട്ട് |
| 2007-08 | എൽ.എഫ്.പി10-1038/12/16-7-2012 | ഫർദർ റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.പി10-1039/12(1)/16-7-2012 | ഫർദർ റിപ്പോർട്ട് |
| 2009-10<br>2010-11 | എൽ.എഫ്.പി10-1268/13/3-3-14 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി10-1696/14/8-12-2014 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി10-851/15/ | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14, 2014-15 | കെ.എസ്.എ-പി.കെ.ഡി-10/249/16 /2-3-2016 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പികെഡി10/141/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്
തീയതി – 25.01.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
2. ആസ്തി മൂല്യം കണക്കാക്കി സാംഖ്യ സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടില്ല.
3.വെള്ളക്കരം ഇനത്തിലെ കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക കളക്ഷൻ, തൻവർഷ ഡിമാന്റ് , തൻവർഷ കളക്ഷൻ എന്നീ കണക്കുകൾക്ക് കൃത്യമായ രേഖകളില്ല. ലഭ്യമാക്കിയ കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD10/141 /2016

Kerala State Audit Department

District Audit Office

Palakkad

Date – 25.01.2017

Audit Certificate

Certified that I have audited the Annual Financial Statement of Kavassery Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kavassery Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1. Figures shown in Demand, Arrear Demand registers of Property tax not in agreement with the figures in Annual Financial Statements.
2. Asset value not ascertained and linked with SankhyaSoftware.
3. Arrear Demand, Arrear Collection, Current Demand, Current collection for water charges have any clear material evidence with the panchayat. The accounts presented is not in agreement with the Annual Financial Statement.

Deputy Director

## അനുബന്ധം - 2

## ടെണ്ടർ ഷെഡ്യൂളിൽ രേഖപ്പെടുത്തിയതിനേക്കാൾ അധിക നിരക്ക് അനുവദിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നം. | എം.ബുക്ക് നം., പേജ് നം./ ഇനം | ഇനം | അനുവദിച്ച തുക | | | ടെണ്ടർ ഷെഡ്യൂൾ പ്രകാരം അനുവദിക്കാവുന്നത് | | | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|
| | | | നിരക്ക് (Rate/ Metre) | അളവ് (Metre) | ആകെ | നിരക്ക് (Rate/ Metre) | അളവ് | ആകെ | |
| 1 | 1/2015-16, 9/3 | Supplying and laying 110mm pvc pipe | 370 | 2 | 740 | 271 | 2 | 542 | 198 |
| 2 | 1/2015-16, 14/2 | Supplying and laying 110mm pvc pipe | 370 | 2 | 740 | 271 | 2 | 542 | 198 |
| 3 | 1/2015-16, 15/2 | Supplying and laying 90mm pvc pipe | 266 | 3 | 798 | 226 | 3 | 678 | 120 |
| 4 | 1/2015-16, 17/2 | Supplying and laying 90mm pvc pipe | 266 | 4 | 1064 | 226 | 4 | 904 | 160 |
| 5 | 1/2015-16, 18/2 | Supplying and laying 90mm pvc pipe | 266 | 4 | 1064 | 226 | 4 | 904 | 160 |
| 6 | 1/2015-16, 22/2 | Supplying and laying 160mm pvc pipe | 711 | 1 | 711 | 492 | 1 | 492 | 219 |
| 7 | 1/2015-16, 24/2 | Supplying and laying 90mm pvc pipe | 266 | 4 | 1064 | 226 | 4 | 904 | 160 |
| 8 | 1/2015-16, 45/2 | Supplying and laying 110mm pvc pipe | 370 | 4 | 1480 | 271 | 4 | 1084 | 396 |
| 9 | 1/2015-16, 46/2 | Supplying and laying 110mm pvc pipe | 370 | 2.5 | 925 | 271 | 2.5 | 677.5 | 247.5 |
| 10 | 1/2015-16, 9/3 | Supplying and laying 110mm pvc pipe | 370 | 1.5 | 555 | 271 | 1.5 | 406.5 | 148.5 |
| 11 | 1/2015-16, 50/2 | Supplying and laying 90mm pvc pipe | 266 | 3 | 798 | 226 | 3 | 678 | 120 |
| 12 | 1/2015-16, 51/2 | Supplying and laying 110mm pvc pipe | 370 | 2 | 740 | 271 | 2 | 542 | 198 |
| 13 | 1/2015-16, 52/2 | Supplying and laying 110mm pvc pipe | 370 | 3 | 1110 | 271 | 3 | 813 | 297 |
| 14 | 1/2015-16, 54/2 | Supplying and laying 90mm pvc pipe | 266 | 3 | 798 | 226 | 3 | 678 | 120 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 15 | 1/2015-16, 55/2 | Supplying and laying 110mm pvc pipe | 370 | 4 | 1480 | 271 | 4 | 1084 | 396 |
| 16 | 1/2015-16, 56/2 | Supplying and laying 90mm pvc pipe | 266 | 3 | 798 | 226 | 3 | 678 | 120 |
| 17 | 1/2015-16, 57/2 | Supplying and laying 90mm pvc pipe | 266 | 3 | 798 | 226 | 3 | 678 | 120 |
| 18 | 1/2015-16, 59/2 | Supplying and laying 110mm pvc pipe | 370 | 3 | 1110 | 271 | 3 | 813 | 297 |
| 19 | 1/2015-16, 60/2 | Supplying and laying 90mm pvc pipe | 266 | 3 | 798 | 226 | 3 | 678 | 120 |
| 20 | 1/2015-16, 61/2 | Supplying and laying 110mm pvc pipe | 370 | 3 | 1110 | 271 | 3 | 813 | 297 |
| 21 | 1/2015-16, 62/2 | Supplying and laying 90mm pvc pipe | 266 | 2.5 | 665 | 226 | 2.5 | 565 | 100 |
| 22 | 1/2015-16, 79/2 | Supplying and laying 110mm pvc pipe | 370 | 4 | 1480 | 271 | 4 | 1084 | 396 |
| 23 | 1/2015-16, 81/2 | Supplying and laying 110mm pvc pipe | 370 | 3 | 1110 | 271 | 3 | 813 | 297 |
| 24 | 1/2015-16, 82/2 | Supplying and laying 110mm pvc pipe | 370 | 6 | 2220 | 271 | 6 | 1626 | 594 |
| 25 | 1/2015-16, 83/2 | Supplying and laying 110mm pvc pipe | 370 | 5 | 1850 | 271 | 5 | 1355 | 495 |
| 26 | 1/2015-16, 84/2 | Supplying and laying 110mm pvc pipe | 370 | 3 | 1110 | 271 | 3 | 813 | 297 |
| 27 | 1/2015-16, 85/2 | Supplying and laying 110mm pvc pipe | 370 | 3 | 1110 | 271 | 3 | 813 | 297 |
| 28 | 1/2015-16, 86/2 | Supplying and laying 110mm pvc pipe | 370 | 2.5 | 925 | 271 | 2.5 | 677.5 | 247.5 |
| 29 | 3/2015-16, 1/2 | Supplying and laying 65mm GI pipe | 614 | 6 | 3684 | 515 | 6 | 3090 | 594 |
| 30 | 3/2015-16, 5/2 | Supplying and laying 110mm pvc pipe | 370 | 3 | 1110 | 271 | 3 | 813 | 297 |
| 31 | 3/2015-16, 9/2 | Supplying and laying 110mm pvc pipe | 370 | 4 | 1480 | 271 | 4 | 1084 | 396 |
| 32 | 3/2015-16, 21/2 | Supplying and laying 110mm pvc pipe | 370 | 2.5 | 925 | 271 | 2.5 | 677.5 | 247.5 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 33 | 3/2015-16, 35/2 | Supplying and laying 110mm pvc pipe | 370 | 2 | 740 | 271 | 2 | 542 | 198 |
| 34 | 3/2015-16, 36/2 | Supplying and laying 110mm pvc pipe | 370 | 2.5 | 925 | 271 | 2.5 | 677.5 | 247.5 |
| 35 | 3/2015-16, 38/2 | Supplying and laying 110mm pvc pipe | 370 | 3 | 1110 | 271 | 3 | 813 | 297 |
| 36 | 3/2015-16, 39/2 | Supplying and laying 110mm pvc pipe | 370 | 6 | 2220 | 271 | 6 | 1626 | 594 |
| 37 | 3/2015-16, 41/2 | Supplying and laying 110mm pvc pipe | 370 | 2 | 740 | 271 | 2 | 542 | 198 |
| 38 | 3/2015-16, 46/2 | Supplying and laying 110mm pvc pipe | 370 | 3 | 1110 | 271 | 3 | 813 | 297 |
| 39 | 3/2015-16, 48/2 | Supplying and laying 110mm pvc pipe | 370 | 2 | 740 | 271 | 2 | 542 | 198 |
| 40 | 3/2015-16, 36/2 | Supplying and laying 110mm pvc pipe | 370 | 2.5 | 925 | 271 | 2.5 | 677.5 | 247.5 |
| ആകെ | | | | | 44860 | | | 34233 | 10627 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്